ശ്രീനാരായണഗുരു

ഡോ. സ്കറിയാ സക്കറിയ

മലയാളത്തിൽ നാരായണഗുരുവിനെക്കുറിച്ചുള്ള രചനകളുടെ എണ്ണവും ഗുണവും പരിഗണിക്കുമ്പോൾ ഗുരുസാഹിത്യം എന്നൊരു പഠനമേഖല തന്നെ തെളിഞ്ഞുകാണാം. അവിടെ ഡോ. എൻ വി. പി. ഉണിത്തിരി ജീവചരിത്രകാരൻ എന്ന നിലയിൽ നിലയുറപ്പിച്ചിരിക്കുന്നു. ഇരുന്നൂറ്റമ്പതോളം പുറങ്ങളുള്ള ബൃഹദ് ജീവചരിത്രമാണു *ശ്രീനാരായണഗുരു*. മാനവീയത്തിന്റെ ഭാഗമായി നാഷണൽ ബുക്ക് സ്റ്റാൾ പ്രസിദ്ധീകരിച്ച (2000) ഈ ജീവചരിത്രഗ്രന്ഥം അതിനുമുമ്പുണ്ടായിരുന്ന പ്രധാനപ്പെട്ട ഗ്രന്ഥങ്ങളെയെല്ലാം പരാമർശിക്കുന്നതുകൊണ്ടു ഗുരുസാഹിത്യത്തിലേക്കുള്ള നല്ല നടപ്പാതയായി കണക്കാക്കാം.

കുമാരനാശാൻ മുതൽ കെ. പി. അപ്പൻ വരെയുള്ള പ്രമുഖ എഴുത്തുകാരും ചിന്തകരും നാരായണഗുരുവിന്റെ ജീവിതവും ദർശനവും സ്വാധീനവും വിലയിരുത്തിയിട്ടുണ്ട്. ഗുരുവിന്റെ ജീവിതകാലത്താണു (1916) കുമാരനാശാൻ ഗുരുവിന്റെ ജീവിതകഥ രേഖപ്പെടുത്തിവെക്കുന്നത്. താൻ എഴുതുന്നതു വെറുമൊരു രേഖാചിത്രം മാത്രമാണെന്നും വരും തലമുറകൾ കൂടുതൽ വ്യക്തവും വിശദവുമായ ജീവിതകഥകൾ എഴുതുമെന്നും ആശാൻ സൂചിപ്പിച്ചിരുന്നു. വലിയ മഹർഷികൾ ചൊന്നാൽ ഫലം വാക്കിന്റെ പിന്നാലെ ഓടിവരും എന്ന വിശ്വാസമനുസരിച്ചുതന്നെ മികവുറ്റ ധാരാളം ജീവചരിത്രരചനകളുണ്ടായി. കെ. പി. അപ്പന്റെ കൃതി (*ചരിത്രത്തെ അഗാധമാക്കിയ ഗുരു*) ഗുരുവിന്റെ ജീവിതത്തെക്കുറിച്ചുള്ള സങ്കീർത്തനമാണ്. വസ്തുതാപരമായ വിവരങ്ങൾക്കല്ല സാമൂഹികാനുഭവങ്ങൾക്കും വൈയക്തികഭാവനകൾക്കുമാണ് അപ്പന്റെ കൃതിയിൽ പ്രാധാന്യം. അപ്പനിലെത്തുമ്പോൾ ഗുരുവിന്റെ ജീവിതം ഒരു ദിവ്യഗീതമായി ഭാഷയിൽ അവതരിക്കുന്നു. ആശാനും അപ്പനുമിടയിൽ എത്രയോ പ്രതിഭാശാലികൾ എന്തെല്ലാം വിധത്തിൽ നാരായണഗുരുവിനെ ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നു! പറഞ്ഞുപറഞ്ഞുവരുമ്പോൾ തെളിഞ്ഞുതെളിഞ്ഞുവരുന്നതു ഗുരുവിന്റെ മാനവികതയാണ്. "നന്നായിത്തീരേണ്ട മനുഷ്യനായിരുന്നു ഗുരുവിന്റെ സ്വപ്നം." (കെ. പി. അപ്പൻ, 2005: 7). "ഗുരു ഒരു തത്ത്വശാസ്ത്രം എഴുതിയില്ല. എന്നാൽ മാനവികതയുടെ

തത്ത്വശാസ്ത്രപരമായ വികാസം ഗുരുവിന്റെ ലോകവീക്ഷണത്തിൽ ഉണ്ടായിരുന്നു. മനുഷ്യനെ വിപ്ലവകരമാം വിധം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ലോകവീക്ഷണമായിരുന്നു അത്. മാർക്സ് നമുക്ക് ഉറപ്പുനൽകിയതുപോലെ ചിന്ത ഒരു ഭൗതികശക്തിതന്നെയാണ്. എന്നാൽ, ഗുരുവിന്റെ ചിന്ത എന്ന ഭൗതികശക്തിക്കു പുതിയ പ്രവർത്തനശേഷി നൽകി ലോകത്തെ മാറ്റിപ്പണിയുന്ന വിപ്ലവമായി അതിനെ രൂപപ്പെടുത്തുന്ന കാര്യത്തിൽ ഒരു ജനത എന്ന നിലയിൽ നാം വിജയിച്ചില്ല." എന്നെഴുതിയാണ് അപ്പൻ (2005: 67) അവസാനിപ്പിക്കുന്നത്. മാനവികതയും ഭൗതികതയും വിട്ടുകളയാത്ത ദിവ്യഗീതമായി ഗുരുവിനെ എഴുതുന്നതു കൗതുകകരമായ വ്യവഹാരമാണ്. അതിന്റെ ഉപപാദനയുക്തികൾ സമകാലികവൈജ്ഞാനികവ്യവഹാരങ്ങളുമായി തോളുരുമ്മിനിൽക്കുന്നു.

ഗുരുവിനെക്കുറിച്ചെഴുതാൻ ശ്രമിച്ചവരെല്ലാം വസ്തുനിഷ്ഠതയാണു ലക്ഷ്യമിട്ടതെങ്കിലും കലാശിച്ചത് ആത്മനിഷ്ഠതയിലാണ്. ആത്മനിഷ്ഠതയാണു ഗുരുവിനെക്കുറിച്ചുള്ള രചനകളുടെ വസ്തുനിഷ്ഠത എന്നുതന്നെ പറയാം. ഇതിൽ വിസ്മയിക്കാനില്ല. ഗുരു പറഞ്ഞതും ചെയ്തതും നമ്മുടെ അനുദിനജീവിതത്തിന്റെ ബലതന്ത്രങ്ങളെ സ്വാധീനിക്കുന്ന സജീവപാരമ്പര്യങ്ങളാണ്.

വിഷയം ജാതിയോ ശുചിത്വമോ തീർഥാടനമോ വിഗ്രഹപ്രതിഷ്ഠയോ എന്തുമാകട്ടെ, അവയെല്ലാം ഇന്നിന്റെ പ്രശ്നങ്ങളായി സമകാലികകേരളീയസമൂഹത്തിന് അനുഭവപ്പെടുന്നു. കേരളീയനവോത്ഥാനത്തിന്റെ നായകനായി ഗുരുവിനെ ചിത്രീകരിക്കുന്നവരാണു പലരും. അതിനുമപ്പുറം ദേശീയവിമോചനപ്പോരാട്ടത്തിലും കേരളീയമാതൃകയിലുള്ള വികസനശ്രമങ്ങളിലും കേരളത്തിലെ പുരോഗമനരാഷ്ട്രീയത്തിലും സമകാലിക ആത്മീയവ്യവഹാരങ്ങളിലും ഗുരുവിന്റെ സജീവസാന്നിധ്യം അടയാളപ്പെടുത്തുന്ന രചനാപരിശ്രമങ്ങൾ മലയാളത്തിൽ ലഭ്യമാണ്. ഗുരുവിനെക്കുറിച്ചുള്ള രചനകളിൽ പ്രകടമാകുന്ന വൈവിധ്യത്തെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. ഗുരുവിനെ തങ്ങളുടെ സ്വകാര്യപരിശ്രമങ്ങൾക്കുള്ള ഊർജ്ജമാക്കാൻ മറ്റുള്ളവർ ശ്രമിക്കുന്നു എന്ന ആരോപണം മിക്ക ജീവചരിത്രകാരന്മാരും ഉന്നയിക്കുന്നുണ്ട്. "ആരാധകരാലും വിമർശകരാലും ഒരുപോലെ തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണു ശ്രീനാരായണദർശനം" എന്ന പരാതി മിക്ക രചനകളിലും ഒളിഞ്ഞും തെളിഞ്ഞും കേൾക്കാം. മറ്റുള്ളവരെ അപ്രസക്തരാക്കിയിട്ടുവേണം സ്വന്തം പ്രസക്തി സ്ഥാപിക്കാനെന്ന മനോഭാവം ഗുരുവിനെക്കുറിച്ചുള്ള പഠനങ്ങളെ ഉപരിപ്ലവമാക്കുന്നു. വൈവിധ്യസമൃദ്ധി അംഗീകരിക്കാൻ കഴിയാത്ത ഏകാത്മതാവാദത്തെപ്പോലും ഗുരുദർശനമായി അവതരിപ്പിക്കാൻ ചിലർ പരി

ശ്രമിച്ചിട്ടുണ്ട്. മറ്റു ചിലർ വിശുദ്ധചരിതം (hagiography) എന്ന മട്ടിലാണു ഗുരുവിനെക്കുറിച്ചു ഭക്തിപൂർവ്വം എഴുതുന്നത്. ഇത്തരക്കാരുടെ രചനകൾക്കു ഭക്തിസാഹിത്യമായിട്ടല്ലാതെ ഗൗരവപൂർണ്ണമായ പഠനങ്ങളെന്ന നിലയിൽ പ്രസക്തിയില്ല. ഗുരുചരിതങ്ങളിലെ പ്രകടമായ ഒരു വൈരുധ്യം ഡോ. ഉണിത്തിരി (2000: 9) ചൂണ്ടിക്കാണിക്കുന്നു: "നാരായണഗുരുവെ വെറും സാമൂഹ്യപരിഷ്ക്കർത്താവായി കാണുന്നതാണ് ഒരു പറ്റം പഠനങ്ങളുടെ പരിമിതിയെങ്കിൽ, അദ്ദേഹത്തെ കേവലം ആധ്യാത്മികാചാര്യനായി, അദ്വൈതവേദാന്തിയായി, പോരാ, ശ്രീശങ്കരദർശനാനുയായി മാത്രം അവതരിപ്പിക്കുക എന്നതാണു മറ്റൊരു വിഭാഗം പഠനങ്ങളുടെ പോരായ്മ. ഇതിന് അപവാദങ്ങൾ ഇല്ലെന്നല്ല. ഉള്ളത് അങ്ങിങ്ങു ചില ലേഖനങ്ങളിലായി ചിതറിക്കിടക്കുകയാണ്." ഗുരുസാഹിത്യവുമായി സാമാന്യ പരിചയമുള്ളവരെല്ലാം ഡോ. ഉണിത്തിരിയുടെ നിരീക്ഷണം വസ്തുതാപരമാണെന്നു സമ്മതിക്കും. പക്ഷേ, ചില ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്. എഴുത്തുകാരന്റെ വ്യക്തിമുദ്രകളും അഭിരുചികളും പ്രകടമാക്കാത്ത രചനകളുണ്ടോ? ഏതു രചനയും അത്തരം കർത്തൃത്വത്തിന്റെ പ്രകടനമാണെന്ന് അംഗീകരിക്കുകയല്ലേ ശരി? വസ്തുനിഷ്ഠത, സമഗ്രത തുടങ്ങിയ സങ്കല്പനങ്ങൾ ജീവചരിത്രരചനകളുടെ കാര്യത്തിൽ ശുദ്ധ ആദർശങ്ങളോ (Utopia) മോഹങ്ങളോ (desire) ആയി പരിഗണിക്കുകയല്ലേ ഉത്തമം?

ഓരോ ജീവചരിത്രരചനയും ഓരോ കാഴ്ച്ചപ്പാടിലുള്ളതാണ്. കാഴ്ച്ചപ്പാടിന്റെ വൈവിധ്യം ഇന്ന് ആഖ്യാനപഠനങ്ങളുടെ ഭാഗമായി വിമർശനാത്മകപഠനത്തിനു വിധേയമാക്കാം. വസ്തുനിഷ്ഠതയെയും സമഗ്രതയെയും കുറിച്ചുള്ള ഉട്ടോപ്പിയയും മോഹങ്ങളും ഊർജ്ജമാക്കിക്കൊണ്ടുതന്നെ വൈവിധ്യമാർന്ന ജീവചരിത്രരചനകളെ വിലയിരുത്താം. ഗുരുചരിത്രമെഴുതുമ്പോൾ ആശാന്റെയും നടരാജഗുരുവിന്റെയും സാനുവിന്റെയും ഉണിത്തിരിയുടെയും പരമേശ്വരന്റെയും ലക്ഷ്യങ്ങളും വായനക്കാരും വ്യത്യസ്തമാണെന്നുകൂടി ഓർമ്മിക്കണം. ഇവ പരസ്പരം മല്ലടിക്കുന്നു എന്നു കരുതുന്നതിനേക്കാൾ ഗുരുവിനെ മനസ്സിലാക്കാനുള്ള സാധ്യതകൾ കാട്ടിത്തരുന്നു എന്നു പറയുകയാവും ഉചിതം. ജീവിതകഥയുടെ ആഖ്യാനസ്വഭാവവും വ്യാവഹാരികതയും പരിഗണിക്കുമ്പോൾ വൈരുധ്യങ്ങൾ വൈവിധ്യങ്ങളായി മനസ്സിലാക്കാം. ഇത്തരം കാഴ്ച്ചപ്പാടുകൾ തിരിച്ചറിഞ്ഞു ജീവചരിത്രരചനകൾ വായിക്കുമ്പോൾ ഗുരുവിന്റെ ജീവിതം ഒരു സമകാലികവ്യവഹാരമായി വികസിക്കുന്നു. ഇന്നും ഗുരുവിനെക്കുറിച്ചു പുതിയ പുതിയ രചനകളുണ്ടാകുന്നു എന്നതാണ് ഏറ്റവും ആഹ്ലാദകരമായ കാര്യം. മലയാളിയുടെ പല തരം ഉൽക്കണ്ഠകൾക്കും സ്വത്വസംഘർഷങ്ങൾക്കും ഗുരുചരിതത്തിന്റെ പുനരവതരണങ്ങളിലൂടെ വിശദീകരണമാകാം എന്നാണു മലയാളിയുടെ പ്രത്യാശ.

മേൽപ്പറഞ്ഞ തരത്തിലുള്ള നിരന്തരമായ പുനരാഖ്യാനങ്ങൾ മഹാപ്രതിഭകൾക്കുള്ള അംഗീകാരമാണ്. *ബൈബിളി*ലെ യേശുചരിതങ്ങളുടെ വൈവിധ്യം ഓർമ്മിക്കുക. യേശുവിന്റെ ജീവിതകഥ നാലു സുവിശേഷങ്ങളായി പുതിയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്നു. വസ്തുതാപരമായി പരിശോധിച്ചാൽ യുക്തിവാദികളും മറ്റും ചൂണ്ടിക്കാണിക്കുന്നപോലെ നിസ്സാരമല്ലാത്ത വൈരുധ്യങ്ങൾപോലും ഈ നാലു ജീവചരിത്രങ്ങൾ തമ്മിൽ ഉണ്ട്. എന്നാൽ, ക്രൈസ്തവചിന്തകർ താർക്കികയുക്തി വിട്ട് ആഖ്യാനതത്ത്വങ്ങൾ മുൻനിർത്തി നാലു സുവിശേഷങ്ങളെ പരസ്പരപൂരകമാക്കി ഉപയോഗിക്കുന്നു. ഇന്നും ക്രിസ്തുചരിതങ്ങളിൽനിന്നു വ്യത്യസ്ത ആഖ്യാനങ്ങൾ രൂപപ്പെടുത്തിയിട്ടാണു യാഥാസ്ഥിതികപൗരോഹിത്യവും വിമോചനവിപ്ലവക്കാരും തങ്ങളുടെ നിലപാടിനു ക്രൈസ്തവനീതീകരണം അവതരിപ്പിക്കുന്നത്. കേരളത്തിലെ സാംസ്കാരികചർച്ചകളിൽ നാരായണഗുരുവിനും ഇങ്ങനെയൊരു പദവിയുണ്ട്. അതു ഗുരുവിന്റെ അനന്യതയായി വേണം വിലയിരുത്താൻ.

ചരിത്രവിജ്ഞാനം മൊത്തത്തിൽ മേൽ വിവരിച്ച പശ്ചാത്തലത്തിൽ ബഹുസ്വരതയുടെ പ്രാധാന്യം തിരിച്ചറിയുന്നു. നാനാവിധമായ കാഴ്ചകളുടെ സൗഭാഗ്യം നാരായണഗുരുവിന്റെ കാര്യത്തിൽ മലയാളത്തിനുണ്ടായി. ഗുരുവിനെക്കുറിച്ചു പി. കെ. ബാലകൃഷ്ണനും (1954) കെ. എൻ. ഷാജിയും (2002) പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ ഇവിടെ പ്രത്യേകപരാമർശം അർഹിക്കുന്നു. പി. കെ. ബാലകൃഷ്ണന്റെ ഗ്രന്ഥത്തിന്റെ മൗലികപ്രാധാന്യം ഡോ. ഉണിത്തിരി (2000: 8) തിരിച്ചറിയുന്നുണ്ട്: "1954-ൽ പി. കെ. ബാലകൃഷ്ണൻ ഗുരുവിനെക്കുറിച്ചൊരു സമാഹാരഗ്രന്ഥം പുറത്തിറക്കിയതോടെ വിവിധവീക്ഷണങ്ങളിൽനിന്നുകൊണ്ട് ആ മഹാത്മാവിനെ വിലയിരുത്താനുള്ള ആത്മാർഥമായ പ്രയത്നങ്ങൾക്കു പ്രോത്സാഹനം ലഭിക്കുമെന്ന സാഹചര്യം കൈവന്നു. പരമ്പരാഗതമായ ശ്രീനാരായണനിരൂപണങ്ങളിൽനിന്നു തികച്ചും വ്യതിരിക്തത പുലർത്തുന്നതാണ് ആ സമാഹാരഗ്രന്ഥം. അതുവരെ ശ്രീനാരായണനെക്കുറിച്ച് ഉദാസീനത ഭാവിച്ചിരുന്ന ഒട്ടേറെ മുഖ്യധാരാസാമൂഹ്യരാഷ്ട്രീയസാംസ്കാരികനായകരെ ആ ജീവിതത്തിലേക്കും ദർശനത്തിലേക്കും ആകർഷിച്ചുവെന്നതാണ് ആ കൃതിയുടെ മുഖ്യനേട്ടം." പി. കെ. ബാലകൃഷ്ണൻ തുറന്നിട്ട വഴി വീതിയും നീളവും കൂട്ടി വികസിപ്പിച്ചതു കെ. എൻ. ഷാജിയാണ്. പല കാലങ്ങളിൽ ഗുരുവിനെക്കുറിച്ചെഴുതിയ കൃതികൾ തന്റെ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. ഗുരുവിനെ കാണുന്ന രീതിയിൽ കാലത്തിലൂടെ സംഭവിക്കുന്ന മാറ്റങ്ങൾ ഇവിടെ വായിച്ചറിയാം. ഗുരുവിനെ ഓരോ കാലഘട്ടവും അതതിന്റെ ആശയാവലികളുമായി കൂട്ടിയിണക്കി സമകാലിക അവതാരമാക്കി മാറ്റുന്നു. അറിവുപദ്ധതിയുടെ അനുവർത്തനശേഷിയാണിത്.

അത് ഊർജ്ജസ്വലമാക്കുന്നത് ഗുരുവിന്റെ ജീവിതകഥയും രചനകളുമാണ്. ഇങ്ങനെ നോക്കുമ്പോൾ ഷാജിയുടെ ഗ്രന്ഥം ഗുരുസാഹിത്യത്തിന്റെ മികവുറ്റ സമകാലികമാത്യകയായിത്തീരുന്നു. അതിൽ ഗുരുവിന്റെ ജീവിതവും രചനകളും പല കാലങ്ങളിൽ പല തരക്കാർ നൽകിയ ഭാഷ്യങ്ങളുമുണ്ട്. മതവിശ്വാസികൾക്കും സന്ദേഹികൾക്കും വേദാന്തികൾക്കും വിപ്ലവകാരികൾക്കും യുക്തിവാദികൾക്കും എങ്ങനെ ഗുരുവുമായി സംവദിക്കാൻ കഴിയുന്നു എന്നു ഷാജിയുടെ ഗ്രന്ഥം കാട്ടിത്തരുന്നുണ്ട്. പി. കെ. ബാലകൃഷ്ണന്റെയും കെ. എൻ. ഷാജിയുടെയും ഗ്രന്ഥങ്ങളിൽ കാണുന്ന ആഖ്യാനശൈലിയെ വിജ്ഞാനകോശപരം (encyclopaedic) എന്നു വിശേഷിപ്പിക്കാം. സമകാലികചരിത്രവിജ്ഞാനത്തിലെ ബഹുസ്വരതയാർന്ന ആഖ്യാനമാത്യകയാണിത്. ഇതിൽ ഗ്രന്ഥകാരന്റെ കർത്തൃത്വം തന്നിഷ്ടങ്ങൾ അടിച്ചേല്പിക്കുന്നില്ല. അതു മറ്റുള്ളവരെ – പല കാലങ്ങളിലുള്ളവരെ, പല തരക്കാരെ – സംസാരിക്കാൻ അനുവദിക്കുന്നു. അത്തരം ഭാഷണങ്ങൾ തിരഞ്ഞെടുക്കുന്നതിലും അതിന്റെ മുൻപിൻതുടർച്ചകൾ നിർണ്ണയിക്കുന്നതിലും ഗ്രന്ഥകാരന്റെ കർത്തൃത്വം ഇടപെടുന്നുണ്ട്. വസ്തുനിഷ്ഠതയും വസ്തുതാപരതയും അഭിപ്രായഭേദങ്ങളും കഴിയുന്നിടത്തോളം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംവാദാത്മകസമീപനമാണിത്. ആത്മനിഷ്ഠത തള്ളിക്കളയാതെ ഓരോ രചനയുടെയും പ്രകരണബദ്ധത വെളിവാക്കിക്കൊണ്ടു ജീവചരിത്രാഖ്യാനം നിർവ്വഹിക്കാനുള്ള പരിശ്രമമായി ഇതിനെ വിലയിരുത്താം.

ഡോ. ഉണിത്തിരിയുടെ *ശ്രീനാരായണഗുരു* എന്ന ഗ്രന്ഥത്തിന്റെ പ്രത്യേകത അതിൽ ഉപയോഗിച്ചിരിക്കുന്ന നാനാവിധമായ ഉപാദാനങ്ങളാണ്. അവയെല്ലാം തന്റെ സോദ്ദേശ്യ ആഖ്യാനത്തിന് അനുസ്യൂതമായി കൂട്ടിക്കെട്ടി കൊണ്ടുപോകുന്നുണ്ടെങ്കിലും ഉപാദാനങ്ങൾക്കു സാധ്യമായ താൻപോരിമ അനുവദിച്ചുകൊടുക്കുന്നുണ്ട്. സാമ്പ്രദായികജീവചരിത്ര രചനാശൈലിയുടെയും സാഹിത്യഭംഗിക്കുവേണ്ടി അലങ്കാരപ്പണി ചെയ്ത ജീവചരിത്രങ്ങളുടെയും പശ്ചാത്തലത്തിൽ നോക്കുമ്പോൾ തികച്ചും വിജ്ഞേയം എന്നു വിശേഷിപ്പിക്കേണ്ട ജീവചരിത്രമാണു ഡോ. ഉണിത്തിരിയുടെ *ശ്രീനാരായണഗുരു*.

നാരായണഗുരുവിനെ ഒരു അദ്ഭുതപുരുഷനാക്കി മാറ്റാതെ ചരിത്രത്തിന്റെ സൃഷ്ടിയും സ്രഷ്ടാവുമായി അവതരിപ്പിക്കാൻ ശ്രമിച്ചിരിക്കുന്നു. അതിനുള്ള പരിശ്രമമാണു പുസ്തകത്തിലെ ഒന്നും രണ്ടും അധ്യായങ്ങൾ. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, നവോത്ഥാനവും പുനരുജ്ജീവനവാദവും കേരളത്തിൽ എന്നീ അധ്യായങ്ങളുടെ ഉള്ളടക്കം അവയുടെ ശീർഷകങ്ങൾകൊണ്ടുതന്നെ വെളിവാകുന്നുണ്ടല്ലോ. ചരിത്രം സൃഷ്ടിച്ച നാരായണഗുരുവിനെ പരിചയപ്പെടാൻ ഈ ഭാഗം ഉപകരിക്കും.

ബാല്യവും വിദ്യാഭ്യാസവും വിവരിക്കുന്ന മൂന്നാമധ്യായത്തിൽ വളർച്ച യുടെ നൊമ്പരങ്ങൾ വിശദമായി വിവരിക്കുന്നുണ്ട്. ഗുരുവിന്റെ വിവാഹ ത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഇക്കാര്യത്തിൽ ഗുരു അനുഭവിച്ച സംഘർ ഷങ്ങൾ മാത്രമല്ല, ഇക്കാര്യം പ്രതിപാദിക്കേണ്ടിവരുമ്പോൾ ആരാധകർ നേരിടുന്ന ബുദ്ധിമുട്ടുകളും വെളിവാക്കുന്നുണ്ട്. ഇവയെല്ലാം വിവരിച്ച ശേഷം ഗ്രന്ഥകർത്താവ് (2000: 41) എഴുതുന്നു: "ഇതിൽനിന്നെല്ലാം നമുക്ക് എത്തിച്ചേരാവുന്ന നിഗമനം നാരായണഗുരു വൈരാഗ്യമുദിച്ചുവന്നിരുന്ന ആ യൗവനകാലത്തു വിവാഹത്തിൽ ഒട്ടും താല്പര്യമില്ലാതിരുന്ന ആളാ യിരുന്നുവെങ്കിലും വീട്ടുകാരുടെ നിർബ്ബന്ധത്തിനു വഴങ്ങി രണ്ടുകൊല്ല ത്തോളം വിവാഹജീവിതം നയിച്ചിരിക്കാം എന്നുതന്നെയാണ്. അതാക ട്ടെ, അദ്ദേഹത്തിന്റെ മനുഷ്യത്വത്തെ ഒന്നുകൂടി ഉയർത്തിക്കാണിക്കാനാണ് ഉതകുന്നതും. മറിച്ചുള്ള വാദങ്ങൾ അനുകമ്പാലുവായ ഗുരുവെ ഒട്ടും മയമില്ലാതെ പെരുമാറുന്ന ഒരു മാമൂൽസന്യാസിയോ ജന്മനാ ജിതേന്ദ്രിയ നായ ഒരു ദിവ്യാദ്ഭുതപുരുഷനോ ആയി ചിത്രീകരിക്കുന്നതിലേക്കാണു നമ്മെ കൊണ്ടുചെന്നെത്തിക്കുക." ഡോ. ഉണിത്തിരിയുടെ തീർപ്പിൽ വെളിവാകുന്നതു സമകാലികകേരളസമൂഹത്തിന്റെ ബലതന്ത്രമാണ്. സാമ്പ്രദായികകേരളസമൂഹം സ്ത്രീ, ശരീരം, ലൈംഗികത തുടങ്ങിയവ യെല്ലാം സാമൂഹികബാധ്യതകളായിട്ടാണു ഗൗരവമേറിയ ചർച്ചകളിൽ പരിഗണിക്കുന്നത്. ഗൗരവ ബുദ്ധികളായ വിപ്ലവകാരികൾ പോലും ഇമ്മ ട്ടിലാണ് ഇക്കാര്യങ്ങൾ പ്രതിപാദിക്കാറുള്ളത്. സെമിറ്റിക്കു മതചിന്തക ളുടെ (ജൂത-ക്രൈസ്തവ-ഇസ്ലാമികചിന്തകളുടെ) അടരുകൾകൂടി ലഭി ച്ചപ്പോൾ സ്ത്രീയും ശരീരവും ലൈംഗികതയും വല്ലാത്ത അശുദ്ധികളും മൂടിവെക്കേണ്ട കാര്യങ്ങളുമായി മാറി. എങ്കിലും പ്രാചീനകേരളസംസ്കാ രത്തിന്റെ അന്തർധാരകളും (ഉദാഹരണത്തിനു സംഘം കൃതികൾ, പ്രാചീ നമലയാളകൃതികൾ, മരുമക്കത്തായം, സംബന്ധം, താലികെട്ടുകല്യാണം, ശില്പചിത്രകലകൾ തുടങ്ങിയവ നോക്കുക) സമകാലികജ്ഞാനകർമ്മ പദ്ധതികളും (മനോവിജ്ഞാനീയം, സ്ത്രീവാദം, ഉത്തരാധുനികസാമൂ ഹികവിജ്ഞാനങ്ങൾ, ലിംഗനീതിക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ, ആൺ പെൺസൗഹൃദത്തെക്കുറിച്ചുള്ള സങ്കല്പങ്ങളും അതനുസരിച്ചുള്ള കൂട്ടു കെട്ടുകളും) അടിച്ചമർത്തൽപ്രവണതയെ തള്ളിക്കളയാൻ ശ്രമിക്കുക യാണ്. ഗുരുവിനെപ്പോലെ ഒരു മാനവികതാവാദിയെ ശരീരനിഷേധിയും സ്ത്രീവിദ്വേഷിയുമായി അവതരിപ്പിക്കാൻ കഴിയാത്തവണ്ണം മാറിപ്പോയി രിക്കുന്നു സമകാലികകേരളം. എങ്കിലും, ഡോ. ഉണിത്തിരി പലവട്ടം തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നതുപോലെ ഒരു പുതിയ തരം മൗലി കവാദം (radical conservatism) ഇവിടെ ശക്തി പ്രാപിച്ചുവരുന്നു. മാറ്റ ത്തിന്റെ ഗതിവേഗത്തിൽ തങ്ങൾ വീണുപോകുമോ എന്നു ഭയപ്പെടുന്ന

ഇടത്തരക്കാർ പഴമയുടെ തുരുമ്പുകളിൽ അള്ളിപ്പിടിക്കുന്നു. ഇക്കൂട്ടരുടെ എണ്ണം കുറവല്ല. അവർ സ്ത്രീകളുടെ ഉടുതുണിയിലും സഞ്ചാരപഥങ്ങളിലും ദൃഷ്ടിയുറപ്പിച്ചു പുതിയ 'ധാർമ്മികപോലീസ്സാ'യി മാറുന്നു. സ്ത്രീകളുടെ വേഷത്തിൽ വരുന്ന മാറ്റം, അവർക്കു വിലക്കപ്പെടുന്ന സ്ഥലങ്ങൾ - ഇവയെല്ലാം പട്ടികപ്പെടുത്തി പഠിച്ചാൽ പുതിയ യാഥാസ്ഥിതികത്വത്തിന്റെ ശരീരപരതയും ലിംഗവെറിയും വെളിപ്പെടും. ഇത്തരം സംഘർഷങ്ങൾ പരോക്ഷമായി അടയാളപ്പെടുത്തുന്നതാണ് ഇവിടെ ഉദ്ധരിച്ച തീർപ്പ്. ചർച്ചകൾ ഇവിടെ അവസാനിക്കുന്നില്ല. അതു സമകാലികവ്യവഹാരങ്ങളുമായി ഇടകലർന്നു മുന്നോട്ടുപോകും.

അവധൂതവൃത്തിയും തപശ്ചര്യയും എന്ന നാലാമധ്യായത്തിലെ ഏറ്റവും കൗതുകകരമായ ഭാഗം നാരായണഗുരുവും ചട്ടമ്പിസ്വാമികളും തമ്മിലുള്ള ബന്ധമാണ്. ചട്ടമ്പിസ്വാമികൾ നാരായണഗുരുവിന്റെ ഗുരുവാണോ എന്ന ചോദ്യംതന്നെ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ഗുരുശിഷ്യബന്ധത്തെ സൗഹൃദത്തിൽനിന്നു വേർപിരിച്ചു യജമാനന്റെ അടിമബന്ധമായിക്കാണുന്ന പാരമ്പര്യത്തിനുള്ളിൽനിന്നുകൊണ്ടാണു ചോദ്യമെങ്കിൽ നിഷേധരൂപത്തിലായിരിക്കും ഉത്തരം. മറിച്ച്, കൊള്ളൽക്കൊടുക്കലുകളുടെ ഇടമായി വിദ്യാഭ്യാസത്തെ പരിഗണിച്ചാൽ ചട്ടമ്പിസ്വാമികളെ നാരായണഗുരുവിന്റെ ഗുരുവായി സങ്കല്പിക്കുന്നതിൽ തെറ്റില്ല. ഏതായാലും, കാതലായ പ്രശ്നം ഗുരുസങ്കല്പത്തിലാണ്. ഇതാണു ചർച്ച ചെയ്യപ്പെടേണ്ടത്. സമകാലികകേരളസമൂഹം പരമ്പരാഗതഗുരുസങ്കല്പവും സമകാലികസാമൂഹികവിദ്യാഭ്യാസവ്യവഹാരങ്ങളും ഒപ്പം കൊണ്ടുനടക്കാൻ ശ്രമിക്കുന്നതിന്റെ പല കെടുതികളിൽ ഒന്നായിട്ടാണ് ഈ ഗുരുവിവാദത്തെ പരിഗണിക്കേണ്ടത്. സർവ്വജ്ഞനായ ഗുരുവും തീർത്തും അജ്ഞനായ ശിഷ്യനും സാമൂഹികയാഥാർഥ്യങ്ങളല്ല. അവർ തമ്മിലുള്ള ഏതു സമ്പർക്കവും കൊള്ളൽക്കൊടുക്കലുകളുടെ മുഹൂർത്തമാണ്. ആ നിലക്കു വേണം ചട്ടമ്പിസ്വാമികളുടെയും നാരായണഗുരുവിന്റെയും ബന്ധത്തെ വിലയിരുത്താൻ. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം ഇന്നും ആശയതലത്തിൽപ്പോലും കേരളത്തിൽ സർവ്വസമ്മതമാകുന്നില്ല എന്നതാണ് ഈ വിവാദം അടയാളപ്പെടുത്തുന്ന കേരളസാമൂഹികസത്യം.

'രമ്യതയുടെ തീവ്രവാദം, ഹാർമണിയുടെ റാഡിക്കലിസം' എന്ന് ഒ. വി. വിജയൻ വിശേഷിപ്പിച്ച (ഷാജി, 2002: 345) അരുവിപ്പുറം പ്രതിഷ്ഠയും ഗുരുവിന്റെ ക്ഷേത്രസങ്കല്പവുമാണ് അഞ്ചാമധ്യായത്തിൽ. താൻ ഈഴവ ശ്ശിവനെയാണു പ്രതിഷ്ഠിച്ചതെന്ന മറുമൊഴിയിലൂടെ മേലാളരെ നിലക്കുനിർത്തിയ സംഭവകഥ ഡോ. ഉണിത്തിരി വിവിധ ഉപാദാനങ്ങളിൽനിന്ന് ആവർത്തിച്ച് ഉദ്ധരിക്കുന്നുണ്ട്. കീഴാളസമുദായങ്ങൾക്കിടയിൽ പ്രച

രിച്ചിരുന്ന വിവിധ ആരാധനാരീതികൾ പരിഷ്കരിച്ച് ക്ഷേത്രസംസ്കാരം വ്യാപകമാക്കുന്നതിൽ ഗുരു വഹിച്ച പങ്കു വിസ്തരിച്ചവതരിപ്പിക്കുകയും ചെയ്യുന്നു. അരുവിപ്പുറം പ്രതിഷ്ഠയെക്കുറിച്ചുള്ള കെ. പി. അപ്പന്റെ നിരീക്ഷണം (ഷാജി, 2002: 350) ഇവിടെ ഓർമ്മിക്കാവുന്നതാണ്: "അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ സൗഹാർദ്ദസമീപനത്തോടെയുള്ള അധികാരം പിടിച്ചടക്കലായിരുന്നു. മരണഭയമുള്ള ജനത ജീവിക്കുകയില്ലെന്നു *ബുദ്ധൻ* പറയുന്നതുപോലെ പൗരോഹിത്യത്തെ ഭയപ്പെടുന്ന ജനതയും ജീവിക്കുകയില്ല." മലയാളിയുടെ പുരോഹിതപ്പേടിയകറ്റിയ സംഭവമായി അരുവിപ്പുറം പ്രതിഷ്ഠയെ വിശേഷിപ്പിക്കുന്നതു പല തരത്തിലും കൗതുകകരമായിട്ടുണ്ട്.

ഗുരുവിന്റെ ആരാധനാപരിഷ്കാരത്തെ ആധുനികതയുടെ ആശയാവലികൾ മുൻനിർത്തിയാണു ഡോ. ഉണിത്തിരി വിശദീകരിക്കുന്നത്. ഉത്തരാധുനികതയുടെ ആശയാവലികളും പ്രാദേശികതയുടെ തിമിർപ്പും പരിഗണിച്ചാൽ നാടോടിത്തത്തിൽനിന്നുള്ള വ്യതിയാനങ്ങൾ എന്ന നിലയിലാവും ഈ പരിണാമങ്ങൾ വിലയിരുത്തേണ്ടിവരിക. അത്തരം പഠനങ്ങളിലൂടെ ഗുരുസാഹിത്യം ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഇത്തരം പഠനങ്ങൾക്കുള്ള സാധ്യതകൾ ബി. രാജീവനും (ഷാജി, 2002: 366–80) ഉദയകുമാറും (ഷാജി, 2002: 381–98) എഴുതിയ പുതുമയാർന്ന പഠനങ്ങളിൽ തെളിഞ്ഞുകാണാം. ഗുരുസാഹിത്യത്തിന്റെ ഭാവിയുടെ ചരിത്രം (history of the future) ഈ പഠനപ്രബന്ധങ്ങളിൽ കാണാം.

ജാതിസംഘടനയിൽനിന്നു ജാതിമതാതീതസംഘടനയിലേക്ക് എന്ന ആറാമധ്യായം ഈഴവമുദായസംഘടനയായ എസ്. എൻ. ഡി. പി. യോഗത്തിന്റെ തുടക്കം, പിന്നീടുണ്ടായ അലോസരങ്ങൾ, ജാതിരഹിതമായ സമൂഹത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു. ഏകജാതിസന്ദേശം നേരിട്ട പ്രതിരോധം ഗുരുവിന്റെ ധർമ്മസങ്കടമായി ഗ്രന്ഥകർത്താവ് അവതരിപ്പിക്കുന്നു. ഗുരുവിലൂടെ സംഭവിച്ച മാറ്റത്തെ ബി. രാജീവൻ (ഷാജി, 2002: 379) വ്യാഖ്യാനിക്കുന്നതു മറ്റൊരു തരത്തിലാണ്: "ഇന്ന് നായർസമുദായം ഈഴവസമുദായം എന്നീ പ്രയോഗങ്ങൾ നായർ ഈഴവർ ജാതി എന്നൊക്കെ പറയുന്നതിനു തുല്യമാണെങ്കിലും നാരായണഗുരുവിൽനിന്നു തുടങ്ങിയ കേരളത്തിലെ സാമൂഹികവിപ്ലവത്തെ സംബന്ധിച്ചിടത്തോളം സമുദായം എന്ന സങ്കല്പം ജാതിവിഭജനത്തെ അതിവർത്തിക്കുന്ന ഒന്നായിരുന്നു."

നാരായണഗുരുവിന്റെ കൃതികളുടെ സാമാന്യാവലോകനമാണ് എട്ടാമധ്യായം. ചില കൃതികളുടെ വ്യാഖ്യാനങ്ങളും ഈ ഖണ്ഡത്തിലുണ്ട്. ഭാരതീയദർശനത്തിൽ ശ്രീനാരായണദർശനത്തിനുള്ള സ്ഥാനം അടയാളപ്പെടുത്തുന്ന ഖണ്ഡമാണ് അടുത്തത്. ജാതിവിരുദ്ധത ഗുരുദർശന

ത്തിന്റെ കാതലാണ്. "എന്നാൽ മതത്തെ അദ്ദേഹം നിഷേധിച്ചിട്ടില്ല. എല്ലാ മതങ്ങളുടെയും സാരാംശം ഒന്നായതുകൊണ്ട് ഒരു മതമേ ഉള്ളൂ, അഥവാ ഒരു മതമേ വേണ്ടൂ എന്നാണ് അദ്ദേഹം നിഷ്കർഷിച്ചത്.... അതുകൊണ്ടാണ് 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുവാക്യത്തിന് 'ഒരു മതം' എന്ന വാക്യവുമായി വൈരുധ്യമില്ലാത്തത്. താൻ ശ്രീശങ്കരന്റെ അദ്വൈതമതക്കാരനാണെന്നും ബുദ്ധമതക്കാരനാണെന്നും ക്രിസ്തുമതക്കാരനാണെന്നും ഇസ്ലാംമതക്കാരനാണെന്നുമൊക്കെ പലപ്പോഴായി ഗുരു പറഞ്ഞിട്ടുള്ളതിന്റെ പൊരുൾ അപ്പോഴേ വ്യക്തമാവുകയുള്ളൂ." (ഉണിത്തിരി, 2000:: 230–31). ഇത്തരം ദർശനങ്ങൾക്കെല്ലാം അടിത്തറ നാരായണഗുരുവിന്റെ സാമൂഹികസമത്വാവബോധമാണെന്നു ഡോ. ഉണിത്തിരി സമർഥിക്കുന്നു. സമത്വദർശനത്തിന്റെ പ്രവാചകനും പ്രയോക്താവുമായി നാരായണഗുരുവിനെ അവതരിപ്പിക്കുന്നു എന്നതാണു ഡോ. ഉണിത്തിരിയുടെ *ശ്രീനാരായണഗുരു* എന്ന ജീവചരിത്രഗ്രന്ഥത്തിന്റെ സവിശേഷത. ഗ്രന്ഥത്തിന്റെ ആഖ്യാനമാതൃക വിവിധഗ്രന്ഥങ്ങൾക്കും രേഖാശേഖരങ്ങൾക്കും നൽകുന്ന പ്രാധാന്യം പരിഗണിക്കുമ്പോൾ അതിന്റെ വിജ്ഞാനകോശസ്വഭാവം തെളിഞ്ഞുകിട്ടും. ചരിത്രവിജ്ഞാനീയത്തിലെ സമകാലികസമീപനം എന്ന നിലയിൽ വിജ്ഞാനകോശമാതൃകക്കു പ്രത്യേകപ്രാധാന്യമുണ്ട്. നാനാവശത്തേക്കും തുറക്കുന്ന ബഹുസ്വരമാതൃകയാണത്.*

ഗ്രന്ഥസൂചി

അപ്പൻ കെ. പി.	2005	*ചരിത്രത്തെ അഗാധമാക്കിയ ഗുരു*, ഡി. സി. ബുക്സ്, കോട്ടയം.
ഉണിത്തിരി എൻ. വി. പി.	2000	*ശ്രീനാരായണഗുരു*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
ബാലകൃഷ്ണൻ പി. കെ.	1954/1988	*ശ്രീനാരായണഗുരു*, ശ്രീനാരായണ ക്ലബ്ബ്, തിരുവനന്തപുരം.
ഷാജി, കെ. എൻ.	2002	*നാരായണഗുരു*, കറന്റ് ബുക്സ്, തൃശ്ശൂർ.

---

* *ശ്രീനാരായണഗുരു*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2000.

***